# FEMINIST CRITICISM IN MALAYALAM PROBLEMS AND POSSIBILITIES

**UGC approval Letter No. and Date**

**MRP(H) 1250/13-14/KLMGO22/UGC-SWRO dt. 28/03/2014**

**Submitted by Dr. Saramma Varghese**

**Assistant Professor, Department of Malayalam**

**St. Thomas College, Kozhenhcerry**

ഉത്തരാധുനിക കാലത്ത് വളരെ പ്രാധാന്യത്തോടെ പഠിക്കുന്ന മൂന്ന് വിഷയങ്ങളാണ് ദളിത്, പരിസ്ഥിതി, ഫെമിനിസം. സമൂഹത്തിലെ അവഗണി ക്കപ്പെട്ടു കിടക്കുന്ന വിഭാഗങ്ങളാണിവ മൂന്നും. അതുകൊണ്ടുതന്നെ അവ യുടെ പ്രാധാന്യത്തെക്കുറിച്ചുള്ള പഠനവും ഗവേഷണവും വളരെ പ്രാഗത്ഭ്യ ത്തോടെ നടന്നുവരുന്നു.

ലോകത്തെല്ലായിടത്തുമുള്ള സ്ത്രീജനങ്ങൾക്കുണ്ടായിട്ടുള്ള അവഗണ നയും മാറ്റിനിർത്തലുമാണ് ഫെമിനിസം എന്ന സ്ത്രീവിമോചന പ്രസ്ഥാന ത്തിന് തുടക്കം കുറിക്കാൻ സഹായകമായത്. സ്ത്രീവിമോചന പ്രസ്ഥാന ത്തിലൂടെ സ്ത്രീയെ അവഗണിക്കുന്ന പല മേഖലകളെയും തിരിച്ചറിയു കയും അവയെ പ്രതിരോധിക്കുകയും ചെയ്യുന്നു. ലോകത്താകമാനമുള്ള

സ്ത്രീകളുടെ പ്രശ്നങ്ങൾ ദേശ-കാല സംസ്ക്കാര വ്യത്യാസമനുസരിച്ച് വ്യത്യാസപ്പെട്ടിരിക്കുന്നതായി കാണാം.

അതാതു കാലഘട്ടങ്ങളിലുണ്ടായ സാമൂഹ്യനവോത്ഥാന പ്രസ്ഥാനങ്ങൾ ഫെമിനിസത്തെ സ്വാധീനിച്ചിട്ടുണ്ട്. ഇതിലെ ആശയങ്ങളോടൊപ്പം ഫെമിനിസ്റ്റാശയങ്ങളും ഉൾപ്പെടുത്തി സോഷ്യലിസ്റ്റ്-റാഡിക്കൽ, മാർക്സിസ്റ്റ്, ഇക്കോ-ഗൈനോ എന്നിങ്ങനെ പലതരം ഫെമിനിസ്റ്റ് പ്രസ്ഥാനങ്ങൾ രൂപം കൊണ്ടു. കാലാകാലങ്ങളിലായി ഈ പ്രസ്ഥാനങ്ങളെല്ലാം ഫെമിനിസ്റ്റ് നവോത്ഥാനത്തിൽ പങ്കെടുക്കുകയും ചെയ്തു.

കലാ സാഹിത്യ സാംസ്ക്കാരിക മേഖലകളിലും ഫെമിനിസം കടന്നുവന്നിട്ടുണ്ട്. ഫെമിനിസം ഒരു പ്രസ്ഥാനമായി മാറുന്നതിനു മുമ്പുതന്നെ സാഹിത്യകൃതികളിലും മറ്റും ഫെമിനിസ്റ്റാശയങ്ങൾ വന്നിരിക്കുന്നതായി കാണാം. കെ. സരസ്വതിയമ്മ, ലളിതാംബിക അന്തർജനം തുടങ്ങിയുള്ള ആദ്യകാല സ്ത്രീ എഴുത്തുകാരുടെ കൃതികൾ പരിശോധിക്കുകയും അതിലടങ്ങിയിരിക്കുന്ന സ്ത്രീപക്ഷ വീക്ഷണങ്ങളെ കണ്ടെത്തുകയും ചെയ്യുന്നു. ബുദ്ധിയുള്ള സ്ത്രീകളെ അംഗീകരിക്കാനും മറ്റും പുരുഷന്മാർ തയ്യാറല്ലാതിരുന്നിനെ തന്റെ കഥകളിലൂടെ കെ. സരസ്വതിയമ്മ അവതരിപ്പിച്ചിരിക്കുന്നു. നമ്പൂതിരി ഇല്ലങ്ങളിലെ സ്ത്രീ അനുഭവിക്കുന്ന അവഗണനകളാണ് ലളിതാംബിക അവതരിപ്പിച്ചിരിക്കുന്നത്.